"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. അനസ് വൈ. -ക്കെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണ റിപ്പോർട്ട് പുനപരിശോധിക്കണമെന്ന ആവശ്യം - അപ്പീൽ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2046/2025/LSGD തീയതി,തിരുവനന്തപുരം, 17-08-2025

പരാമർശം:-

1. കടപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03/05/2023 ലെ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14/06/2023 ലെ LSGD/PD/33079/2023-VIGB1 നമ്പർ കുറ്റാരോപണ മെമ്മോ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പത്തനംതിട്ട ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ 20/09/2023 ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23/11/2023 ലെ LSGD/PD/33079/2023-VIGB1 നമ്പർ കാരണംകാണിക്കൽ നോട്ടീസ്
5. ശ്രീ.അനസ് വൈ -യുടെ 15/01/2024 ലെ എതിർവാദ പത്രിക.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20/06/2024 ലെ LSGD/PD/33079/2023-VIGB1 നമ്പർ ഉത്തരവ്.
7. ശ്രീ.അനസ് വൈ-യുടെ 15/01/2025 തീയതിയിലെ അപ്പീൽ അപേക്ഷ.
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15/03/2025 ലെ LSGD/PD/33079/2023-VIGB1 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ.അനസ് വൈ.-ക്കെതിരെ കടപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (1) പ്രകാരമുള്ള പരാതിയെത്തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) ശ്രീ. അനസ് വൈ -യെ നേരിൽ കേൾക്കുകയും, ആയതിൽ നിന്നും കടപ്ര ഗ്രാമ പഞ്ചായത്തിന്റെ കാര്യക്ഷമമായ ദൈനംദിന പ്രവർത്തനങ്ങൾക്ക് ടിയാന്റെ പ്രവർത്തികൾ തടസ്സം സൃഷ്ടിക്കുന്നതായും ടിയാൻ അധികാര ദുർവിനിയോഗത്തിനും കൃത്യവിലോപത്തിനും ഉത്തരവാദിയാണെന്ന് കണ്ടെത്തിനെ തുടർന്ന് ടിയാനെതിരെ KCS (CC&A) Rules 1960 Rule 15 പ്രകാരം പരാമർശം (2) കുറ്റാരോപണ മെമ്മോ നൽകി തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച പരാമർശം (3) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ, ശ്രീ. അനസ് വൈ. യ്ക്കെതിരെ കടപ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നൽകിയ പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടെത്തുകയും തുക്കലശ്ശേരി ഗ്രാമപഞ്ചായത്തിലും സമാന സ്വഭാവമുള്ള പരാതിയിൻമേൽ അച്ചടക്ക നടപടി നേരിട്ട ടിയാനെതിരെ വീണ്ടും അത്തരത്തിൽ പരാതി ഉണ്ടായിരിക്കുന്നുവെന്നത് അച്ചടക്കലംഘനവും ഗുരുതര വീഴ്ചയുമാണെന്ന് കണ്ടെത്തുകയും ചെയ്തു.

2) തുടർന്ന്, മേലധികാരി നൽകിയ കർശന താക്കീത് അവഗണിച്ചു കൊണ്ട് കുറ്റങ്ങൾ ആവർത്തിക്കുന്നത് വകുപ്പിന് അവമതിപ്പുണ്ടാക്കുന്നതിനാലും ഒരു ഉത്തരവാദപ്പെട്ട സർക്കാർ ജീവനക്കാരനെന്ന നിലയിൽ പ്രവർത്തിക്കേണ്ട ശ്രീ. അനസ്.വൈ -യുടെ ഭാഗത്തു നിന്നും സംഭവിച്ച ബോധപൂർവ്വമായ വീഴ്ച ചട്ട പ്രകാരമുള്ള കഠിന ശിക്ഷ അർഹിക്കുന്ന കുറ്റമായി കാണുന്നതിനാലും ടിയാനെതിരെയുള്ള അച്ചടക്ക നടപടി 1960- ലെ കേരള സിവിൽ സർവീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (1) (IV) അനുശാസിക്കുന്ന കഠിന ശിക്ഷയായ നിർബന്ധിത വിരമിക്കൽ (Compulsory Retirement) നൽകി തീർപ്പാക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ച് ടിയാനെതിരെ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് മറുപടിയായി ശ്രീ.അനസ് വൈ പരാമർശം (5) പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിൽ, ടിയാനെതിരെയുള്ള അച്ചടക്കനടപടി അന്തിമമാക്കുന്നതിന് മുന്നോടിയായി ടിയാനെ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) നേരിൽ കേൾക്കുകയും ഔപചാരിക അന്വേഷണം നടത്തിയത് നടപടിക്രമങ്ങൾ പാലിച്ചല്ലായെന്നും അന്വേഷണവേളയിൽ സാക്ഷികളെ ക്രോസ് വിസ്താരം ചെയ്യുന്നതിന് അവസരം ലഭിച്ചില്ലായെന്നും അന്വേഷണ റിപ്പോർട്ടിൽ അനുബന്ധം ഇല്ലായെന്നും തുടങ്ങിയ ശ്രീ.അനസ് വൈ-യുടെ വാദഗതികളിൽ കഴമ്പുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഈ അപകാതകൾ പരിഹരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശിക്ഷണനടപടി സംബന്ധിച്ച മാന്വലിലെ ഖണ്ഡിക 18 മുതൽ 42 വരെയുള്ള നിബന്ധനകളും കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 എന്നിവ പാലിച്ച് ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറകടർ ശ്രീ.രാജേഷ് കുമാർ പി -യെ ചുമതലപ്പെടുത്തി പരാമർശം (6) പ്രകാരം ഉത്തരവാകുകയും ചെയ്തു.

2) പരാമർശം (6) ഉത്തരവിൽ, ഒരിക്കൽ ഔപചാരിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനെത്തന്നെ പ്രസ്തുത അന്വേഷണത്തിൽ വീഴ്ചകളുണ്ടായി എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുനരന്വേഷണത്തിന് നിയോഗിച്ചത് നിയമവിരുദ്ധവും സർക്കാർ ജീവനക്കാരുടെ ശിക്ഷണനടപടി സംബന്ധിച്ച മാന്വലിന്റെ ലംഘനവുമാണ്, പുനരന്വേഷണത്തിന് വ്യവസ്ഥകളില്ല തുടങ്ങിയ വാദഗതികൾ ചൂണ്ടിക്കാണിച്ച് തനിക്കെതിരെ സ്വീകരിച്ച ശിക്ഷണനടപടികൾ തുടരുന്നതിന്റെ നിയമസാധുതകൾ പരിശോധിക്കുന്നതിന് ശ്രീ.അനസ് വൈ. ഉചിത മാർഗ്ഗേനെ സർക്കാരിലേക്ക് സമർപ്പിച്ച പരാമർശം (7) പ്രകാരമുള്ള അപ്പീൽ അപേക്ഷ, പരാമർശം (8) പ്രകാരമുള്ള അഭിപ്രായ റിപ്പോർട്ട് സഹിതം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഔപചാരിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഔപചാരിക അന്വേഷണത്തിൽ വീഴ്ചകളുണ്ടായി എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിൽ ഉണ്ടായ procedural flaws (അന്വേഷണവേളയിൽ സാക്ഷികളെ ക്രോസ് വിസ്താരം ചെയ്യുന്നതിന് അവസരം ലഭിച്ചില്ലായെന്നും അന്വേഷണ റിപ്പോർട്ടിൽ അനുബന്ധം ഇല്ലായെന്നും തുടങ്ങിയ) ഒഴിവാക്കി ടി അപാകതകൾ പരിഹരിച്ച് ഒരു പുനരന്വേഷണം നടത്തുന്നതിന് ടി ഉദ്യോഗസ്ഥനെ തന്നെ നിയോഗിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടി ക്രമപ്രകാരമാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഔപചാരിക അന്വേഷണ ഉത്തരവ് പുന:പരിശോധിക്കണമെന്ന ശ്രീ. അനസ് വൈ യുടെ പരാമർശം (7) അപ്പീൽ അപേക്ഷ നിരസിച്ചു അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

4) പരാമർശം (6) പ്രകാരം നടത്തിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. അനസ് വൈ. ക്കെതിരെയുള്ള അച്ചടക്ക നടപടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമുള്ള തുടർനടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പിൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
2. ശ്രീ.അനസ് വൈ, മുൻ സെക്രട്ടറി, കടപ്ര ഗ്രാമപഞ്ചായത്ത്,പത്തനംതിട്ട ജില്ല *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
3. ജില്ലാ ജോയിൻ്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട
4. വിവര,പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/66/2025/തസ്വഭവ . നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 18-08-2025 05:43:39**

സെക്ഷൻ ഓഫീസർ